# ശിശു സൗഹൃദ പോലിസ് സ്റ്റേഷൻ ഉദ്ഘാടനം 18 ന്




അങ്കമാലിയിൽ പുതുതായി ആരംഭിക്കുന്ന ശിശു സൗഹൃദ പോലിസ് സ്റ്റേഷൻറെ ഉദ്ഘാടനം 18 ന് രാവിലെ 10 :30ന് ഒൺലൈനിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. പോലിസ് സ്റ്റേഷനിൽ കുട്ടികൾക്കായി ഒരിടം സൃഷ്ടിക്കുകയാണ് ശിശു സൗഹൃദ സ്റ്റേഷനിലൂടെ ലക്ഷ്യമിടുന്നതെന്ന് ജില്ലാ പോലിസ് മേധാവി കെ.കാർത്തിക് പറഞ്ഞു. ഇവർക്ക് മാനസിക ഉല്ലാസത്തിന് സൗകര്യമൊരുക്കും. വളർന്നു വരുന്ന തലമുറയ്ക്ക് പോലിസിനെക്കുറിച്ച് അറിവു ലഭ്യമാക്കുകയും ഇതിലൂടെ വിഭാവനം ചെയ്യുന്നുണ്ടെന്ന് എസ്.പി പറഞ്ഞു. 2019 സെപ്തംബറിലാണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. അങ്കമാലി പോലീസ് സ്റ്റേഷനോട് ചേർന്നു തന്നെയാണ് സൗഹൃദ സ്റ്റേഷനും നിർമ്മിച്ചിട്ടുള്ളത്. റൂറൽ ജില്ലയിൽ മൂവാറ്റുപുഴ, പുത്തൻകുരിശ്, കുറുപ്പംപടി, മുനമ്പം, കുന്നത്തുനാട് എന്നിവിടങ്ങളിലാണ് നിലവിൽ ശിശു സൗഹൃദ പോലിസ് സ്റ്റേഷനുകളുള്ളത്.